

April 2023

# GREGORIAN VOICE

St.Gregorious Jacobite Syrian Orthodox Church,Dublin,Ireland.

## മഹാ പൗരോഹിത്യത്തിന്റെ 50 വർഷങ്ങൾ




## സുവർണ്ണ ജൂബിലി നിറവിൽ
## ശ്രേഷ്ഠ ബാവ തിരുമേനി

ഏവർക്കും സ്നേഹം നിറഞ്ഞ ഈസ്റ്റർ ആശംസകൾ.

# ഉയിർപ്പ് നൽകുന്ന പ്രത്യാശ



നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നത് എന്ത്? അവൻ ഇവിടെ ഇല്ല. ഉയിർത്തെഴുന്നേറ്റിരിക്കുന്നു. മുമ്പെ ഗലീലയിൽ ഇരിക്കുമ്പോൾ തന്നേ അവൻ നിങ്ങളോട്: മനുഷ്യപുത്രനെ പാപികളായ മനുഷ്യരുടെ കയ്യിൽ ഏല്പിച്ച് ക്രൂശിക്കുകയും, അവൻ മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും വേണം എന്ന് പറഞ്ഞത് ഓർത്തുകൊൾവിൻ. അവർ അവന്റെ വാക്കു ഓർത്തു കല്ലറ വിട്ടു മടങ്ങി പോയി (ലൂക്കോസ് 24:6-9). മഗ്ദലക്കാരത്തി മറിയ, യോഹന്നാ, യാക്കോബിന്റെ അമ്മ മറിയ എന്നിവരും, അവരോടു കൂടെയുള്ള മറ്റ് സ്ത്രീകളും ഈ സദ്വർത്തമാനം എല്ലാവരോടും അറിയിച്ചു.

ആദാമിന്റേയും ഹവ്വായുടേയും മുമ്പാകെ അടയ്ക്കപ്പെട്ട പറുദീസയുടെ വാതിൽ തുറക്കാൻ ആദാമിന്റെ സന്തതിയായി പിറന്നവൻ, രക്ഷാ പദ്ധതി പ്രകാരം, ജനിച്ച്, മരിച്ച്, അടക്കപ്പെട്ട് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ് പറുദീസയുടെ വാതിൽ മാനസാന്തരപ്പെട്ട് തന്നിൽ വിശ്വസിക്കുന്നവർക്കായി തുറന്നു കൊടുത്തു.

ലോകത്തിലെ അന്നത്തെ ഏറ്റവും ശക്തമായ റോമാ ഗവൺമെന്റ് തങ്ങളുടെ ശക്തിയിൽ യേശുവിനെ ഇല്ലായ്മ ചെയ്യാമെന്ന് വിചാരിച്ചു. പരീശന്മാരുടെയും, പ്രമാണിമാരുടെയും ഒത്താശയോടെ റോമാ ഗവൺമെന്റ് ശേയുവിനെ ബന്ധിച്ച് വിചാരണ നടത്തി, കുറ്റം ചുമത്തി, ക്രൂശിച്ചു കൊന്നു. ശക്തരെന്ന് അഹങ്കരിച്ച റോമാ ഗവൺമെന്റ് അവരുടെ സീൽ കബറിൽ പതിപ്പിച്ചു. ശക്തരായ പടയാളികളെ കബറിനു കാവൽ നിർത്തി. എന്നാൽ നിർഭാഗ്യവശാൽ, ശക്തരായ റോമാ ഗവൺമെന്റിന്റെ കണ്ണു തുറപ്പിച്ചുകൊണ്ട്, ശക്തമായ സീൽ പൊട്ടിച്ചെറിഞ്ഞ്, ശക്തരായ പടയാളികളെ ബോധം ക്ഷയിപ്പിച്ച് കർത്താവ് ഉയിർത്തെഴുന്നേറ്റു. മരണപാശങ്ങളെ അവൻ പൊട്ടിച്ചെറിഞ്ഞു. മരണത്തെക്കുറിച്ചുള്ള ഭയത്തെ തകർത്തു. ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവന് മരിച്ചാൽ ഒരു ഉയിർത്തെഴുന്നേൽപ്പ് ഉണ്ട് എന്ന് തെളിയിച്ചു കൊടുത്തു.

യേശു ക്രിസ്തു ക്രൂശിൽ തൂങ്ങി കിടക്കുമ്പോൾ അതുവഴി കടന്നുപോയവർ തല കുലുക്കികൊണ്ട്: "ഹാ, ഹാ, മന്ദിരം പൊളിച്ചു മൂന്നു നാളുകൊണ്ട് പണിയുന്നവനേ, നിന്നെ തന്നെ രക്ഷിച്ച് ക്രൂശിൽനിന്നും ഇറങ്ങിവാ" എന്നു പറഞ്ഞ് അവനെ പരിഹസിച്ചു. അങ്ങനെ തന്നെ മഹാപുരോഹിതന്മാരും മൂപ്പന്മാരും അവനെ പരിഹസിച്ചു (മർക്കോസ് 15:29-31). എന്നാൽ അതിനു മറുപടി കൊടുക്കാതെ എല്ലാം സഹിച്ചുകൊണ്ട് ക്രൂശിൽ കിടന്നു.


എന്നാൽ ആ പരിഹാസത്തിന് മറുപടി പ. പൗലോസ് ശ്ലീഹാ നൽകി. "ഹേ മരണമേ നിന്റെ ജയമെവിടെ" (1 കോരിന്ത്യർ 15:55) മരണത്തിന്റെ മുഖത്തു നോക്കി പരിഹസിച്ചു. അദ്ദേഹം വിശ്വസിച്ചത് മരണത്തിന്റെ ബന്ധനങ്ങളെ തകർത്തുടച്ച പുനരുത്ഥാനത്തിന്റെ ശക്തിയിൽ ഇന്നും ജീവിക്കുന്ന യേശു ക്രിസ്തുവിൽ ആയിരുന്നു. ഉയിർപ്പു നൽകുന്ന പ്രത്യാശയും അതാണ്. മരണത്തെ ഭയപ്പെടേണ്ടതില്ലാ. വിശ്വാസിക്ക് മരണം നൽകുന്നത് ഉയിർപ്പിന്റെ ദിവ്യമായ പ്രതീക്ഷയാണ്. പൗലോസ് ശ്ലീഹാ പറഞ്ഞു അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെ അനുഭവിച്ചറിയണം (ഫിലിപ്യർ 3:10). "ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം" എന്ന് ധീരതയോടെ പൗലോസ് പ്രസ്താവിച്ചത് അത്രയേറെ ഉയിർപ്പിന് പ്രാധാന്യം നൽകിയതുകൊണ്ടാണ്. നമുക്കും ഈ ഉയിർപ്പിൽ സന്തോഷിക്കാം. ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ ഹൃദയത്തിൽ സ്വീകരിച്ച് മരണത്തെ ഭയപ്പെടാതെ പുതിയ ആകാശവും പുതിയ ഭൂമിയും സ്വപ്നം കണ്ടുകൊണ്ട് ജീവിതത്തിൽ മുന്നേറാം. ദൈവം അനുഗ്രഹിക്കട്ടെ.

ഈസ്റ്ററിന്റെ എല്ലാ ആശംസകളും നേരുന്നു.

തോമസ് അലക്സാന്ത്രയോസ് മെത്രാപ്പോലീത്ത

# A resurrection hope

Why do you look for the living among the dead? He is not here; he has risen! Remember how he told you, while he was still with you in Galilee: 'The Son of Man must be delivered over to the hands of sinners, be crucified and on the third day be raised again.' Then they remembered his words and left the tomb (Luke 24:6-9). Mary Magdalene, John, and Mary the mother of James, and the other women who were with them, conveyed this good news of Jesus' resurrection to all those around them.




He who was born as a seed of Adam to open the door of Paradise, which was closed before Adam and Eve, according to the plan of salvation, was born, died, and was buried and rose again on the third day, opening the door of Paradise to those who repent and believe in Him.

The most powerful Roman government in the world at that time thought that they could destroy Jesus with their power. The Roman government, with the connivance of the Pharisees and rulers, tried, convicted, and crucified Jesus. The proud Roman government of the powerful put their seal on the tomb. Strong soldiers were kept guarding the tomb. The Lord resurrected, opening the eyes of the powerful Roman government, breaking the powerful seal, and knocking the mighty soldiers unconscious. He broke the snares of death, destroyed the fear of death, and proved that if one who believes in Christ dies, there is a resurrection.

When Jesus Christ began to lie on the cross, those who passed by shook their heads and said, 'Ha, ha, come down from the cross that saved you, you who broke down the world and built it in three days.' And so the chief priests and elders mocked him (Mark 15:29-31). But he did not answer it and endured everything and lay on the cross.

But the answer to that mockery, Paul interceded. "O death, where is thy victory" (1 Corinthians 15:55) mocked death in the face. He believed in Jesus Christ, who is alive today in the power of the resurrection that broke the bonds of death. That is the resurrection hope. There is no need to fear death. Death gives the believer the divine hope of resurrection. Paul intercedes to experience the power of His resurrection (Phil 3:10). "If Christ is not risen, our preaching is in vain," said Paul boldly because he gave so much importance to the resurrection. We can also rejoice in this resurrection. Accept the risen Christ in our hearts and move forward in life, dreaming of a new heaven and a new earth without fear of death. May God bless you.

Happy Easter everyone. (This is a direct translation of Thirumeni's Malayalam message.)

**ദൈവവിളിയുടെ അരനൂറ്റാണ്ടിലേക്ക് അഭി. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത: പ്രാർത്ഥനാശംസകളോടെ പരിശുദ്ധ യാക്കോബായ സുറിയാനി സഭ**

പരി. യാക്കോബായസുറിയാനി സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റി അഭി. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രപ്പോലീത്ത പൗരോഹിത്യ ശ്രേണിയിലെ പ്രഥമ പടിയായ കോറൂയോ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിട്ട് അമ്പതാണ്ടിലേക്ക് പ്രവേശിക്കുകയാണ്. 1974 മാർച്ച് 24 നു 11-ാം വയസ്സിലായിരുന്നു പെരുമ്പള്ളിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെത്രപ്പോലീത്തയിൽ നിന്നു മഞ്ഞിനിക്കര ദയറായിൽ വച്ച് അദ്ദേഹം ശെമ്മാശപട്ടം (കോറൂയോ) സ്വീകരിച്ചത്.




മലങ്കര സുറിയാനി സഭയുടെ പ്രഖ്യാപിത പരിശുദ്ധനായ ചാത്തുരുത്തിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസിന്റെ (പരുമല) നാലാം തലമുറക്കാരനായി പരിശുദ്ധന്റെ നാമധേയത്തിൽ, ആ കുടുംബത്തിൽ നിന്നു മെത്രാപ്പോലീത്തയായി ഉയർത്തപ്പെടാൻ അവസരം ലഭിച്ചതു ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രപ്പോലീത്തയ്ക്ക് ആണ്.

മുളന്തുരുത്തി ഇടവകയിൽ പെരുമ്പിള്ളി ശ്രാമ്പിക്കൽ പള്ളത്തിട്ടയിൽ പരേതരായ വർഗീസിന്റെയും സാറാമ്മയുടെയും നാലാമത്തെ മകനായി 1960 നവംബർ പത്തിനു ജനിച്ചു. പെരുമ്പള്ളി പ്രൈമറി സ്കൂൾ, മുളന്തുരുത്തി ഗവ. ഹൈസ്കൂൾ, പെരുമ്പിള്ളി മോർ യൂലിയോസ് സെമിനാരി, എറാണാകുളം മഹാരാജാസ് കോളജ് എന്നിവിടങ്ങളിലായിരുന്നു വിദ്യാഭ്യാസം. തുടർന്ന് അയർലൻഡിലെ സെന്റ് പാട്രിക് കോളജിൽ നിന്നു വേദശാസ്ത്രത്തിൽ ബിരുദവും ഡബ്ലിൻ യൂണിവേഴ്സിറ്റിയിൽനിന്ന് എം.ഫിലും യു.എസിൽ നിന്നു ക്ലിനിക്കൽ പാസ്റ്ററൽ ആൻഡ് കൗൺസിലിംഗിൽ ഡിപ്ലോമയും നേടി. 23-ാംവയസിൽ ശ്രേഷ്ഠ കാതോലിക്ക പൗലോസ് ദ്വിതീയൻ ബാവ കശ്ശീശ പദവിയിലേക്ക് ഉയർത്തി. തുടർന്ന് ബാംഗ്ലൂർ സെൻ്റ് മേരീസ് പള്ളി വികാരിയായി, ലണ്ടൻ സെന്റ് തോമസ് സിറിയൻ ഓർത്തഡോക്സ് പള്ളിക്കു തുടക്കമിട്ട് നാലു വർഷം വികാരിയായി സേവനം അനുഷ്ഠിച്ചു.

1993 ഡിസംബറിൽ കൊച്ചി ഭദ്രാസനാധിപനായിരുന്ന പുണ്യശ്ലോകനായ തോമസ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത വിരമിച്ചതിനെത്തുടർന്നു ഫാ. ജോസഫിനെ പിൻഗാമിയായി തെരഞ്ഞെടുത്തു. മുപ്പത്തിമൂന്നാം വയസ്സിൽ 1994 ജനുവരി 16 നു ദമസ്കോസിൽ വെച്ച് മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവ മെത്രാപ്പോലീത്തയായി വാഴിച്ചു.

27 വർഷം കൊച്ചി ഭദ്രാസനാധിപനായും18 വർഷം സുന്നഹദോസ് സെക്രട്ടറിയായും എക്യുമെനിക്കൽ വേദികളിൽ സഭയുടെ പ്രതിനിധിയായും പ്രവർത്തിച്ചു. ഗൾഫ് - യൂറോപ്യൻ ഭദ്രാസനങ്ങളുടെയും തെക്കൻ ഭദ്രാസനങ്ങളുടെയും അങ്കമാലി ഭദ്രാസനത്തിലെ വിവിധ മേഖലകളുടെയും ചുമതലകൾ, മലങ്കര യാക്കോബായ സൺഡേ സ്കൂൾ പ്രസിഡന്റ്, മഞ്ഞിനിക്കര തീർഥയാത്രാ സംഘം പ്രസിഡന്റ് തുടങ്ങിയ ചുമതലകളും നിർവഹിച്ചു. 2019 ഓഗസ്റ്റ് 28 ന് പുത്തൻകുരിശിൽ നടന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ മലങ്കര മെത്രാപ്പോലീത്തൻ ട്രസ്റ്റിയായി തെരഞ്ഞെടുത്തു. അഭിവന്ദ്യ തിരുമേനി നടത്തിവരുന്ന ചാരിറ്റി പ്രവർത്തനങ്ങൾ ഏറെയാണ്. മെത്രാപ്പോലീത്തൻ പുവർ റിലീഫ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചു നൽകുന്ന 65-ാമത് ഭവനത്തിന്റെ താക്കോൽ ദാനം അഭിവന്ദ്യ തിരുമേനി നിർവഹിച്ചു. **(Courtesy : JSE News)**

# വിശുദ്ധ കുമ്പസാരത്തിന്റെ ഫലങ്ങൾ



**Rev. Fr Jeny Andrews**

(Vicar: St.Gregorios Jacobite Syrian Orthodox Church, Dublin)

## 1. സമാധാനം (peace)

വിശുദ്ധ കുമ്പസാരം എന്ന ദൈവിക കൂദാശയാൽ ഉത്പാദിപ്പിക്കപ്പെടുന്ന ഒരു ഫലമാണ് സമാധാനം. വി. ലൂക്കോസ് (7 :36-50) വരെയുള്ള വചനഭാഗങ്ങളിൽ മഗ്ദലനമറിയം അനുതാപത്തിൽ നിന്നുള്ള പ്രവൃത്തിയാകുന്നു ചെയ്യുന്നത്. പാപങ്ങൾ ഉപേക്ഷിച്ച് നല്ല കുമ്പസാരാനുഭവം ലഭിച്ച മഗ്ദലനമറിയമിനോട് ദൈവമായ യേശു തമ്പുരാൻ പറയുന്നത്. 'നീ സമാധാനത്തോടെ പൊയ്ക്കൊൾക എന്നാണ്. അനുതാപത്തോടെ പാപം ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവർക്ക് ദൈവം ആശംസിക്കുന്നത് സമാധാനമാണ്. അത് സ്വർഗ്ഗീയ സമാധാനമാണ്. അനുതാപത്തോടെ പാപങ്ങൾ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവർക്ക് സ്വർഗ്ഗീയ സമാധാനം സ്വായത്തമാക്കുവാൻ സാധിക്കുന്നു. പാപം ചെയ്ത് അതിനെക്കുറിച്ച് അനുതപിക്കുകയോ, അത് ഉപേക്ഷിക്കാതിരിക്കുകയോ ചെയ്യുന്നവർക്ക് യഥാർത്ഥ സമാധാനം ഉണ്ടായിരിക്കുകയില്ല. വിശ്വാസവും, സമർപ്പണവും, പ്രത്യാശയും ഉള്ള ഒരുവന് മാത്രമേ യഥാർത്ഥമായ സമാധാനം കണ്ടെത്താനും അനുഭവിക്കുവാനും സാധിക്കു. അതിന് പാപങ്ങൾ തടസ്സമാകരുത്.



**Son of peace** എന്നാൽ എന്താണ്? സമാധാനപുത്രൻ അഥവാ സമാധാനപുത്രി എന്നാൽ സമാധാനമാകുന്ന യേശുതമ്പുരാനെ എഫേസ്യർ (2:14) ഹൃദയത്തിൽ വഹിക്കുന്നവർ എന്നർത്ഥമാ കുന്നു. പാപം ഹൃദയത്തിലിരിക്കെ സമാധാനത്തെ ഹൃദയത്തിൽ വഹിക്കുവാൻ സാധ്യമല്ല. നാം സമാധാന വാഹകരാകാനാണ് യേശുതമ്പുരാൻ ആഗ്രഹിക്കുന്നത്. പാപം ഏറ്റുപറഞ്ഞ് ഉപേക്ഷി ക്കുമ്പോൾ യഥാർത്ഥ സമാധാന വാഹകരാകുവാൻ ദൈവം നമ്മെ പ്രാപ്തരാക്കും.

പലർക്കും അനുതാപം ലഭിക്കും, പാപം ഏറ്റുപറയുകയും ചെയ്യും. എന്നാൽ അത് പൂർണ്ണമായും ഉപേക്ഷിക്കുവാൻ സാധിക്കുന്നില്ല. ഒരുവൻ തന്റെ പാപം ഉപേക്ഷിക്കണമെങ്കിൽ ആദ്യമായി അത് ഉപേക്ഷിക്കുവാനുള്ള ഒരു ആഗ്രഹം അവന് ഉണ്ടാകണം. രണ്ടാമതായി ആ പാപത്തെ വെറുക്കുവാൻ സാധിക്കണം. പാപം ഉപേക്ഷിക്കുവാനുള്ള ആഗ്രഹവും പാപത്തോടുള്ള വെറുപ്പും ഉണ്ടായാൽ മാത്രമേ ഓരോ പാപത്തേയും നമ്മിൽ നിന്ന് നീക്കി ക്കളയുവാൻ സാധിക്കൂ. പാപം നമ്മിൽനിന്ന് മാറ്റപ്പെടണമെങ്കിൽ പരിശുദ്ധാത്മാവിന്റെ സഹായം നമുക്ക് ആവശ്യമാണ്.

പരിശുദ്ധാത്മാവ് നമുക്ക് പാപത്തെക്കുറിച്ച് ബോധ്യം നൽകു മ്പോൾ ആ പാപത്തെ വെറുത്ത് ഉപേക്ഷിക്കുവാൻ നാം തയ്യാറാ കണം. പാപം ആവർത്തിക്കപ്പെടുന്നതിനുള്ള കാരണം പാപത്തോ ടുള്ള ഇഷ്ടമാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നമ്മിൽ കുറയുമ്പോഴും പാപം ആവർത്തിക്കപെടുന്നു.

## 2. രക്ഷ (salvation):



തന്റെ പാപങ്ങൾ ഉപേക്ഷിച്ച് അതിന് പ്രായശ്ചിത്തം ചെയ്യണമെന്ന് മനസ്സിൽ ഉറയ്ക്കുന്നവർക്കായി തന്റെ പാപങ്ങൾ ദൈവമുമ്പാകെ ഏറ്റുപറഞ്ഞ് അതിന്റെ പ്രായശ്ചിത്തവും ചെയ്യുമെന്ന് വാഗ്ദാനം ചെയ്ത് തന്റെ ഭവനത്തിൽ ദൈവമായ യേശുതമ്പുരാനെ സ്വീകരിക്കുന്നു.

കർത്താവ് തമ്പുരാൻ പറയുന്നു. "ഇന്ന് ഈ ഭവനത്തിന് ജീവനുണ്ടായി. തൽഫലമായി ആ ഭവനം രക്ഷയുടെ അനുഭവത്തിൽ എത്തിച്ചേർന്നു നമ്മുടെ പാപങ്ങൾ ഉപേക്ഷിച്ച് അനുതാ പത്തോടെ ഏറ്റുപറയുകയും ഹൃദയത്തിൽ ദൈവത്തെ സ്വീകരി ക്കുകയും ചെയ്യുമ്പോൾ, നാമാകുന്ന ഭവനത്തെ നോക്കി യേശു തമ്പുരാൻ പറയും "ഇന്ന് ഭവനത്തിന് ജീവനുണ്ടായി. അതുവഴി നമ്മൾ രക്ഷയുടെ അനുഭവത്തിൽ എത്തിച്ചേരുന്നു.

## 3. ആത്മാക്കളുടെ വീണ്ടെടുപ്പ് (Redeem of Souls)

പാപത്താൽ ദൈവത്തിനു നഷ്ടപ്പെട്ട ആത്മാവിനെവിടുവിക്കുവാൻ വിശുദ്ധ കുമ്പസാരം എന്ന കൂദാശയിലൂടെ സാധിക്കുന്നു. ഒരാത്മാവ് പാപം ചെയ്യുമ്പോൾ, പാപത്തിൽ സ്ഥിരപ്പെടുമ്പോൾ ആ ആത്മാവിനായ് പിശാച് വാദിക്കുന്നു. എന്നാൽ പാപപങ്കിലമായ ആത്മാവ് അനുതാപത്തിലൂടെ വിശുദ്ധ കുമ്പസാര അനുഭവത്തിലൂടെ കടന്നു പോകുമ്പോൾ ദൈവം തനിക്കായി ദാനമായി നൽകിയ ആത്മാവ് ദൈവത്തിന്റെ സ്വന്തമായി തീരുകയാണ് ചെയ്യുന്നത്.

ഒരു ആത്മാവിന്റെ വീണ്ടെടുപ്പ് വളരെ വിലയേറിയത് എന്ന് സങ്കീർത്തനിലൂടെ ദൈവം നമ്മോട് അരുളിച്ചെന്നു (സങ്കീർ 49:8)

## 4. പാപം ഒരുവനെ അശുദ്ധനാക്കുന്നു.

അനുതാപത്തോടെ, വിശ്വാസത്തോടെ പാപങ്ങൾ ഏറ്റുപറയുമ്പോൾ പാപങ്ങൾ ക്ഷമിക്കപ്പെടുകയും നഷ്ടപ്പെട്ട വിശുദ്ധി പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യുന്നു.

പാപിനിയായി തീർന്ന മഗ്ദലനമറിയം തന്റെ പാപങ്ങൾ അനുതാപത്തോടെ ഏറ്റുപറഞ്ഞപ്പോൾ വിശുദ്ധയായി. വിശുദ്ധിയുടെ നാഥൻ ഹൃദയത്തിൽ വസിക്കുന്നതിന് അവൾ തന്റെ ഹൃദയത്തെ ദൈവത്തിനു നൽകി. "ഇനിയും നീ പാപം ചെയ്യരുത്" എന്ന ദൈവശബ്ദം അവൾ തന്റെ ജീവിതത്തിൽ പ്രാവർത്തികമാക്കി. യേശുതമ്പുരാൻ ഉയിർത്തെഴുന്നേറ്റപ്പോൾ ആദ്യം പ്രത്യക്ഷപ്പെട്ടത് വിശുദ്ധ മഗ്ദലനമറിയാമിനായിരുന്നു. (മർക്കോസ് 15:9)

*പാപത്താൽ അശുദ്ധമാക്കപ്പെട്ടവർ ഒരു നല്ല കുമ്പസാര അനുഭവത്തിലൂടെ കടന്നുപോകുമ്പോൾ വിശുദ്ധിയുടെ പാത പിൻതു ടർന്നവരായിത്തീരുന്നു.*



## 5. സൗഖ്യം പ്രദാനം ചെയ്യുന്നു (Give the healings)

പാപ മോക്ഷം ലഭിക്കുമ്പോൾ സൗഖ്യം ലഭിക്കുന്നു. വെറുപ്പ്, അസൂയ, കോപം, നിരാശ മുതലായ അനേകം പാപങ്ങൾ ഹൃദയപരവും മാനസികവും ആത്മീകവും ശാരീരികവുമായ അനേകം രോഗങ്ങൾക്ക് കാരണമാകാറുണ്ട്.

വി. മത്തായി (9.1-8) എന്ന വചനഭാഗത്ത് ഒരു തളർവാത രോഗിക്ക് സൗഖ്യം നൽകുന്ന യേശുതമ്പുരാനെ നമുക്ക് കാണാം. സൗഖ്യം നൽകുന്ന യേശുതമ്പുരാൻ ആ തളർവാതരോഗിയോട് പറയുന്നത് "നിന്റെ പാപങ്ങൾ നിന്നോട് ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നാണ്."

എല്ലാ രോഗങ്ങളും പാപങ്ങളാലാകണമെന്നില്ല. ദൈവനാമമഹത്വത്തിനായും രോഗങ്ങൾ ഉണ്ടാകുന്നുവെന്ന് വിശുദ്ധ യോഹന്നാൻ 9:1-41 വരെയുള്ള ഭാഗത്ത് പഠിപ്പിക്കുന്നു. വി:യോഹന്നാൻ 11:4ൽ ഇത് യേശുതമ്പുരാൻ വ്യക്തമായി പറയുന്നുണ്ട്.



നല്ല ഒരു കുമ്പസാര അനുഭവം നമ്മുടെ ആത്മാവിന്റെ, ശരീരത്തിന്റ, ഹൃദയത്തിന്റെ മനസ്സിന്റെ രോഗങ്ങൾ നീക്കി സൗഖ്യം നൽകുന്നു.

## 6. പുത്രാവകാശം പ്രദാനം ചെയ്യുന്നു (Give the rights of a son)

വി. ലൂക്കോസ് 15:11- 24 വചനഭാഗങ്ങളിൽ ധൂർത്തപുത്രന്റെ ഉപമ യേശുതമ്പുരാൻ നമ്മെ പഠിപ്പിക്കുന്നു. പാപം ചെയ്യുമ്പോൾ പുത്രത്വം നഷ്ടമാകുന്നു. ദൈവവും മനുഷ്യനുമായുള്ള ബന്ധത്തിന് വിള്ളൽ ഉണ്ടാക്കുന്നത് പാപമാണ് (ഏശായ 59:1,2), അനുതാപത്തോടെയുള്ള കുമ്പസാരാനുഭവം പുത്രാവകാശത്തെ പു നഃസ്ഥാപിക്കുവാൻ സംഗതിയാക്കുന്നു.

ദൈവത്തിലുള്ള വിശ്വാസത്താൽ ദൈവമക്കൾ ആകുവാൻ നമുക്ക് അധികാരം നൽകപ്പെട്ടിരിക്കുന്നു. (വി. യോഹ. 1:12), ദൈവത്തെ സ്വീകരിക്കുന്നവർക്കാണ് പുത്രസ്വീകാര്യ ആത്മാവ് പ്രവർത്തനനിരതമാകുന്നത് പാപത്തെ ഉപേക്ഷിച്ച് ദൈവത്തെ സ്വീകരിക്കു മ്പോൾ ദൈവപുത്രൻ, ദൈവപുത്രി ആകുവാനുള്ള അവകാശം നമുക്ക് ലഭിക്കുന്നു.

## 7. പറുദീസ പ്രദാനം ചെയ്യുന്നു (Give the paradise)

വി. ലൂക്കോസ് 23:42,43 വചനഭാഗങ്ങളിൽ അനുതപിച്ച നല്ല കള്ളന് 'പറുദീസായുടെ അനുഭവം വാഗ്ദാനം ചെയ്യുന്ന ദൈവശബ്ദം നമുക്ക് കേൾക്കാം.

പാപത്താൽ പറുദീസായുടെ അനുഭവം നഷ്ടപ്പെട്ടവരാണ് ആദാമും ഹവ്വായും. എന്നാൽ പാപത്തെ ഉപേക്ഷിച്ച് അനുതാപത്തോടെ എറ്റുപറയുകയും ദൈവത്തിൽ വിശ്വസിച്ച് ആശ്രയിക്കു കയും ചെയ്യുന്ന ഒരുവന് പറുദീസായുടെ അനുഭവം അനു ഭവവേദ്യമാകുന്നു.

പാപത്തിൽ നിന്നുള്ള ഉയിർപ്പ് ദൈവം ഏവർക്കും പ്രദാനം ചെയ്യട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.

ജെനി ആൻഡ്രൂസ് അച്ചൻ.



# Prayerful wishes on your priesthood anniversary



**Rev. Fr.Jeny Andrews**

Celebrating 8th priesthood anniversary.



**Rev.Fr. Jinu Kuruvilla**

Celebrating 11th priesthood anniversary.

# <u>പുതുജീവൻ</u>

**Rev Fr: Jinu Kuruvilla**

(Asst: Vicar St.Gregorios Jacobite Syrian Orthodox Church)



വിജയത്തിൽ നിന്ന് താഴ്ചയിലേക്ക് വീണുപോയ ഒരാളുടെ അദ്ഭുതകരമായ തിരിച്ചുവരവിന്റെ ഓർമ്മപ്പെടുത്തലാണ് ഉയിർപ്പ് പെരുനാൾ. “ക്യംതാ” എന്ന സുറിയാനി പദത്തിന് ‘ഉയിർപ്പ്’ എന്നർത്ഥം വരുന്ന വാക്കിന്റെ ജന്മം. പുനരുത്ഥാനം എന്നും പറയുന്നു, ഇതു ക്രിസ്തീയ വിശ്വാസത്തിന്റെ ആധാരം എന്നുവേണമെങ്കിലും വിശേഷിപ്പിക്കാം. ഇതര വിശ്വാസത്തിൽ നിന്നും ക്രിസ്ത്യാനികളെ വ്യത്യസ്തരാക്കുന്നത് ഈ പുനരുത്ഥാനവിശ്വാസമാണ്. യവനർ ശരീരം ആത്മാവിന്റെ കാരാഗ്രഹമാണെന്നും; മരണത്തിലൂടെ ആത്മാവു സ്വതന്ത്രമാകുമെന്നും, ആത്മാവു അനശ്വരമാകുമെന്നും, ശരീരം ഒരിക്കലും ഉയർക്കില്ലെന്നു പറയുന്നു. ഭാരത സംസ്കാരമനുസരിച്ച് മരണാനന്തരം പുതു ജന്മത്തിൽ (ഏതെങ്കിലും ജീവിയുടെ ശരീരം സ്വീകരിക്കുന്നു എന്നു വിശ്വാസം). ഉയർപ്പ് ഒരു ചരിത്ര സത്യമാണ്, ക്രിസ്തു സംഭവത്തിന്റെ പൂർണതയിൽ എത്തുന്നത്, ഉയർപ്പിന്റെ അനുഭവത്തിലൂടെയാണ്. കുരിശു മരണത്തിലൂടെ ശിഷ്യന്മാർ ചിതറി, എന്നാൽ ഉയർപ്പിലൂടെ അവരെ ഒന്നിച്ചുവന്നു ഒരു പുതിയ സമൂഹമായി നിലകൊള്ളാൻ സഹായിച്ചു.



മർക്കോസിന്റെ സുവിശേഷം 16:1-8 വരെ ഭാഗത്തു നിന്നു, ചില ചിന്തകൾ ധ്യാനിക്കാം.

### 1)സുഗന്ധത്തിന്റെ പുതുജീവൻ

വാ.1 ‘ശബ്ബത്തുകഴിഞ്ഞശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിന്റെ അമ്മ മറിയയും ശലോമയും ചെന്നു അവനെ പൂശേണ്ടതിന്നു സുഗന്ധവർഗ്ഗം വാങ്ങി.’ ബേഥന്യയിലെ തന്റെ പ്രിയ സുഹൃത്തിന്റെ ഭവനത്തിൽ ആ സ്ത്രീ പകർന്ന വിലയേറിയ തൈലം, വളരെ സൗരഭ്യം നിറഞ്ഞതായിരുന്നു. ആ നീതിമാൻ പറഞ്ഞു ഇതെന്റെ ശവസംക്കാര ദിവസത്തിനായി സൂക്ഷിച്ചതാകുന്നു. തന്നിൽ പൂശിയ തൈലത്തിലും ആതീതമായിരുന്നു താൻ രക്ഷയുടെ അനുഭവത്തിലൂടെ ജനത്തിനു പകരുന്നു സുഗന്ധം. അതു സർവ്വത്തെയും ജീവിപ്പിക്കുന്നതയിരുന്നു.

### 2)തയാറെടുപ്പിന്റെപുതുജീവൻ

വാ.2 ‘ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ അതികാലത്തു സൂര്യൻ ഉദിച്ചപ്പോൾ അവർ കല്ലറെക്കൽ ചെന്നു’. അവൻ അതികാലത്തു ഇരുട്ടോടെ എഴുന്നേറ്റു പുറപ്പെടുന്നവൻ ആയിരുന്നു. ശാന്തമായ സാഹചര്യങ്ങളെ പ്രാർത്ഥനപൂർവ്വം, ധ്യാനത്തോടെ തുടങ്ങുന്ന പ്രകൃതം സ്വായത്തമാക്കിയവാൻ. തന്റെ മുന്നോരുക്കം, തയാറെടുപ്പുകൾ ഊർജ്ജത്തിന്റെ സ്രോതസ്സുകളായിരുന്നു. തന്റെ പിതാവിൽ നിന്നുള്ള വചസ്സുകൾ, തന്നെ ദിനംതോറും ശക്തനക്കിയിരുന്നു. അവ ജീവൻ പകരാൻ പ്രാപ്യമായിരുന്നു.



3) തുറക്കപ്പെടുന്നതിന്റെ പുതുജീവൻ

വാ.3 'കല്ലറയുടെ വാതിൽക്കൽനിന്നു നമുക്കു വേണ്ടി ആർ കല്ലു ഉരുട്ടിക്കളയും എന്നു തമ്മിൽ പറഞ്ഞു.' അവനെ അടക്കം ചെയ്ത ശവകൂടിരത്തിന്റെ വാതിലകലേ കല്ലു ഭീമമായിരുന്നു. പ്രകൃതിയുടെ വിദാതാവിനു അവയെ നീക്കാൻ ഭൂമിയെ തന്നെ കുലുക്കേണ്ടി വന്നു. അടയ്ക്കപ്പെട്ടതിനെ തുറക്കുന്ന, കേട്ടപ്പെട്ടതിനെ പൊട്ടിക്കുന്ന, ബെന്ധനത്തെ അഴിക്കുന്ന അവന്റെ ശക്തിക്കു ആസാധ്യമായത് ഒന്നും തന്നെയില്ല. ഇവയെല്ലാം ജീവനായി തന്നെ അവൻ നല്ക്കപ്പെട്ടിരിക്കുന്നത്.

4)ചെറുതിന്റെ പുതുജീവൻ

വാ.4 'അവർ നോക്കിയാറെ കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു; അത് ഏറ്റവും വലുതായിരുന്നു.' അവന്റെ വരവു തന്നെ ചെറുതിനെ സ്വീകരിക്കുവാൻ വേണ്ടിയും, ചെറുതിനെ തേടിയും തന്നെയാണ്. നിന്റെ വിശ്വാസം, ഈ കടുകുമണിയോളം ചെറുതെങ്കിലും, ഈ മലയോടെ കടലിൽ വീഴാൻ പറഞ്ഞാൽ അതു സംഭവിക്കും എന്നരുളിയ അവനു, യാതൊന്നും വലുതായിരുന്നില്ല. ചെറുതിനെ ജീവിപ്പിക്കാൻ അവൻ വന്നു അവൻ തന്റെ ജീവൻ കൊടുത്തു അവയെ നേടി.

5)അപ്രതീക്ഷീതമായതിന്റെ പുതുജീവൻ

വാ.5 'അവർ കല്ലറെക്കകത്തു കടന്നപ്പോൾ വെള്ളനിലയങ്കി ധരിച്ച ഒരു ബാല്യക്കാരൻ വലത്തുഭാഗത്തു ഇരിക്കുന്നതു കണ്ടു ഭ്രമിച്ചു.' അവൻ അങ്ങനെയായിരുന്നു. ആരും പ്രതീക്ഷിക്കാത്തത് തന്നെ അവൻ ലോകത്തിൽ നൽക്കി. ശൂന്യമായ് കല്ലറ, അവർ മൂന്നാം നാൾ അവനെ തേടി വന്നു; അവനെ തൈലം പൂശാൻ. 'അവൻ ഇവിടെ ഇല്ല...' എന്നവർ കേട്ടുപ്പോൾ അവരിൽ ഭയം ജനിക്കപ്പെടുകയാണ്. അവിടെ നല്ക്കുന്ന അപ്രതീക്ഷിത അറിയിപ്പു, 'അവൻ ഉയർത്തെഴുന്നേറ്റു". ആശ്വാസത്തിന്റെ, പുത്തൻ ഉണർവിന്റെ, ധൈര്യത്തിന്റെ, ജീവന്റെ പ്രതീക്ഷ നൽകുന്നു.

സങ്കീർത്തനം 6:5 - ൽ, 'മനുഷ്യൻ ഒരു നിഴൽപോലെ ഷീയോളിൽ കഴിയുന്ന' എന്ന ആദ്യകാല ചിന്ത'. ഈ ചിന്തയെ മറികടക്കുന്ന പുതുജീവൻ പ്രധാനം ചെയ്യാൻ ആ തൊഴുത്തിൽ ജനിച്ചവനു സാധിച്ചു. 'ക്രിസ്തു ഉയിർത്തെഴുന്നെറ്റിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം' (1. കൊരി 15:14). അവൻ വ്യത്യസ്ഥനായിരുന്നു, നസറെത്തിൽ നിന്നു വല്ല നന്മയും ഉണ്ടാകുമോ, എന്ന അന്വേഷിച്ചു ലോകം. അവനിൽ വിശ്വസിച്ചവർ നിത്യജീവൻ നേടി. ഇന്നു നീ എന്നോടു കൂടി പറുദീസ്സയിൽ ഇരിക്കും.

ത്രീയേക ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ആമേൻ.

ജിനു അച്ചൻ.

# Our Deepest Condolences






നിര്യാതനായി, നമ്മുടെ ഇടവകയിൽ സെൻതോമസ് യൂണിറ്റിൽ പെട്ട( Bettystown ) ശ്രീ ഷെറിൻ ചാണ്ടിയുടെ പിതാവ് വി.എസ് ചാണ്ടി (കുഞ്ഞച്ചൻ)73 വയസ്സ് കർത്താവിൽ നിദ്രപ്രാപിച്ചു.

പരേതനായ പിതാവിൻറെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഇടവകയുടെ അനുശോചനം അറിയിക്കുന്നു.

നിര്യാതനായി, നമ്മുടെ ഇടവകയിൽ

St. Mathew's (Finglas ) യൂണിറ്റിൽ പെട്ട ശ്രീ. റോബിൻ ഈപ്പന്റെ പിതാവ് മാരായിക്കുളം വീട്ടിൽ പി കെ ഈപ്പൻ (രാജു) 73 വയസ്സ് കർത്താവിൽ നിദ്രപ്രാപിച്ചു.

പരേതനായ പിതാവിൻറെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഇടവകയുടെ അനുശോചനം അറിയിക്കുന്നു.



# Our Deepest Condolences





നിര്യാതയായി,

നമ്മുടെ ഇടവകയിൽ സെന്റ് ജെയിംസ് കുടുംബ യൂണിറ്റിൽ പെട്ട ശ്രീ ജേക്കബ് ടി ഐ യുടെ മാതാവ് ശ്രീമതി മറിയാമ്മ ഇട്ടൻ (95 വയസ്സ്) കർത്താവിൽ നിദ്രപ്രാപിച്ചു.

പരേതയായ മാതാവിൻറെ ആത്മാവിന് നിത്യശാന്തി നേർന്നുകൊണ്ട് ഇടവകയുടെ അനുശോചനം ആ കുടുംബത്തെ അറിയിക്കട്ടെ.

നിര്യാതനായി,

നമ്മുടെ ഇടവകയിൽ, സെന്റ് ജോൺസ് (ബ്ലാഞ്ചാർഡ്സ്ടൗൺ) കുടുംബ യൂണിറ്റിൽപ്പെട്ട ശ്രീ. ബിബിൻ ജോർജിന്റെ ഭാര്യാപിതാവ് ഇടയാർ കരവട്ടാറ്റിൻ കരയിൽ ബേബി (കെ.കെ.ചാക്കോ 72 വയസ്സ്) കർത്താവിൽ നിദ്രപ്രാപിച്ചു.

പരേതന്റെ ആത്മാവിനു നിത്യശാന്തി നേർന്നുകൊണ്ട് ഇടവകയുടെ അനുശോചനം ആ കുടുംബത്തെ അറിയിക്കട്ടെ.



മഞ്ഞനിക്കര ബാവയുടെ 91-ാം മത് ദുഖ്റോനൊ പെരുന്നാളും,കല്ലിട്ട പെരുന്നാളും,കാൽനട തീർത്ഥയാത്രയും സംയുക്തമായി 2023 ഫെബ്രുവരി 11,12 തീയതികളിൽ ആചരിച്ചു.



അയർലൻഡ് : മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ 91-ാം മത് ദുഖ്റോനൊ പെരുന്നാളും,കല്ലിട്ട പെരുന്നാളും,കാൽനട തീർത്ഥയാത്രയും സംയുക്തമായി 2023 ഫെബ്രുവരി 11,12 തീയതികളിൽ ഡബ്ലിൻ സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ ആചരിച്ചു.

പെരുന്നാളിനോട് അനുബന്ധിച്ചു ഫെബ്രുവരി 11 ശനിയാഴ്ച വൈകുന്നേരം 2 മണിക്ക് ചപ്പലിസോഡ് സെന്റ് മേരിസ് പള്ളിയിൽ നിന്നും ഡബ്ലിൻ പള്ളിയിലേക്ക് കാൽനട തീർത്ഥയാത്ര നടത്തപ്പെട്ടു.പെരുന്നാൾ ദിനമായ ഫെബ്രുവരി 12 ഞാറാഴ്ച്ച രാവിലെ 9:45ന് റെവ.ഫാ.എൽദോ ചെറിയാൻ കൂരന്റെ കാർമികത്വത്തിൽ വിശുദ്ധ കുർബ്ബാന നടത്തി.

വികാരി ഫാ.ജെനി ആൻഡ്രൂസ്, സഹ വികാരി ഫാ.ജിനു കുരുവിള,ട്രസ്റ്റി റെജി യോഹന്നാൻ,സെക്രട്ടറി തോമസ് വർഗീസ് എന്നിവർ പെരുന്നാൾ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

# മഞ്ഞിനിക്കര പെരുന്നാൾ 2023

**മഞ്ഞനിക്കര ബാവയുടെ 91-ാ മത് ദുഖഃറോനൊ പെരുന്നാളും,കല്ലിട്ട പെരുന്നാളും,കാൽനട തീർത്ഥയാത്രയും സംയുക്തമായി 2023 ഫെബ്രുവരി 11,12 തീയതികളിൽ ആചരിച്ചു.**









# Faith study-Session 1

As part of multimedia supported faith study series, a session was organized by Sunday school on the topic Receiving the sacraments- Holy Qurbana and Holy Confession. The session was led by Shri.Jinesh John.





2023 വർഷത്തെ നമ്മുടെ പള്ളിയുടെ ഭരണസമിതിയംഗങ്ങളായി താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

================================

ട്രസ്റ്റി: ശ്രീ. റെജി യോഹന്നാൻ

സെക്രട്ടറി : ശ്രീ. തോമസ് വർഗ്ഗീസ്

ജോ. ട്രസ്റ്റി : ശ്രീ. നിജു സ്കറിയ

ജോ. സെക്രട്ടറി : ശ്രീ. ജിൻസ് എബ്രഹാം

എരിയ പ്രതിനിധികൾ:

1. സെ. തോമസ് (ബെറ്റീസ്ടൗൺ) യൂണിറ്റ്- ശ്രീ. ബേസിൽ എലിയാസ്
2. സെ. ജോൺസ് (ബ്ലാഞ്ചർഡ്സ്ടൗൺ) യൂണിറ്റ്- ശ്രീ. നിതിൻ ജോൺ വിനോദ്
3. സെ. മാത്യൂസ് (ഫിൻഗ്ലാസ്) യൂണിറ്റ്- ശ്രീ. സാബു കല്ലുങ്കൽ
4. സെ. പോൾസ് (ബ്യൂമോണ്ട്) യൂണിറ്റ്- ശ്രീ. സാജു ഡാനിയെൽ
5. സെ. പീറ്റേഴ്സ് (ലൂക്കൻ) യൂണിറ്റ്- ശ്രീ. ജയൻ ഫിലിപ്പ്
6. സെ. ജൂഡ് (ബ്ലാക്റോക്ക്) യൂണിറ്റ്- ശ്രീ. ജിബി ജേക്കബ്ബ്
7. സെന്റ് ജേയിംസ് യൂണിറ്റ്- ശ്രീ. സുനോജ് സി എസ്
8. വനിതാ പ്രതിനിധി - ശ്രീമതി മിനി ഡേവിഡ്

ഓഡിറ്റേഴ്സ്:

1. ശ്രീ. ബിനു ബി അന്തിനാട്ട്
2. ശ്രീ. ഷാബു പോൾ

ഭദ്രാസന പള്ളി പ്രതിപുരുഷന്മാരായി ഈ ഇടവകയിൽ നിന്നും താഴെ പറയുന്ന നാലു പേരെ തെരഞ്ഞെടുത്തു.

1. ശ്രീ. ബിനു ബി അന്തിനാട്ട്
2. ശ്രീ. ഷാബു പോൾ
3. ശ്രീ. ബിനോയ് കുര്യാക്കോസ്
4. ശ്രീ. ജോജൻ പി എലിയാസ്

# Moments of Silent Night 2022






























The Parish extends heartfelt congratulations to the entire members of the Vanitha Samajam of our Church, for their outstanding achievement in securing the First Prize (over all) at this year's (2023) Martha Mariyam Vanitha Samajam Annual Meeting held in St. Peter's Cork, Ireland.

On Hosana Sunday, the trophy was presented to Vanitha Samajam Secretary Mrs. Beemol Mani and Treasurer Mrs. Shina Shimaj by Vicar Rev. Fr. Jeny Andrews, Parish Secretary Mr. Thomas Varghese, and Trustee Mr. Reji Yohannan.












Congratulations



**Congratulations Jeswin and Johan, Winners of Quiz competition organized by MJSSA UK.**


**Congratulations Irene Reji, Hannah Varghese, Seira Saju, Hazel Ann John, winners in senior and junior categories for MJSSA Ireland Bovooso solo song competition.**












**The Passion Week services were observed with great elegance and devotion at our church. The Hosanna Service on April 2nd was led by Vicar, Rev Fr Jeny Andrews. It was a beautiful service where the congregation waved palm leaves and throw flowers to symbolize the welcome of Jesus to Jerusalem.**







**On April 5th, the Pessaha Service was blessed with the presence of both vicars, adding to the spiritual fervor of the occasion.**





**Good Friday, the day when Jesus was crucified, was solemnly observed at our church. The service was led by HG. Thomas Mor Alexandrios, The Partiarchal Vicar of Ireland and the Metropolitan of Mumbai Diocese and assisted by Asst Vicar Rev. Fr Jinu Kuruvila.**



**The Good Friday service was followed by the Night Vigil, and a number of members of the Student Movement actively participated in the vigil. The Holy Saturday service was led by Rev Fr Jeny Andrews .**

**The Easter services were officiated by Rev Fr Jinu Kuruvila, where the church celebrated the Resurrection of Jesus Christ.**



**The managing committee of our church wholeheartedly thanks everyone who directly or indirectly helped with the arrangements, cleaning, and food preparations for the Passion Week services. We would also like to express our gratitude to the management of St. Mary's school for providing us with all the facilities to gather and participate in the Holy week services.**

# പ്രാർത്ഥനായോഗങ്ങൾ

വലിയ നോമ്പിനോട് അനുബന്ധിച്ച ഇടവകയിലെ ഭവനങ്ങളിൽവെച്ച് പ്രാർത്ഥനയോഗങ്ങൾ ക്രമീകരിക്കപ്പെട്ടു.
10th മാർച്ച് വെള്ളിയാഴ്ച Bettystown ൽ ശ്രീ ബിനോയ് കര്യാക്കോസിന്റെ ഭവനത്തിലും, 19th മാർച്ച് ഞായറാഴ്ച Beaumont ൽ St. Luke's പള്ളിയുടെ parish ഹാളിൽ വെച്ചും, 25th മാർച്ച് ശനിയാഴ്ച Finglas ൽ ശ്രീ Ajesh Paul ന്റെ ഭവനത്തിലും, 31st മാർച്ച് വെള്ളിയാഴ്ച Blanchardstown ൽ ശ്രീ. Thomas Mathew ന്റെ ഭവനത്തിലും പ്രാർത്ഥനയോഗങ്ങൾ നടത്തപ്പെട്ടു. ആയതിനു ദൈവത്തെ മഹത്വപ്പെടുത്തുന്നു.







# JSVBS 2023









# VBS moments























# JUST FOR LAUGH

1. Why did the Easter egg refuse to get out of bed? Because it was too shell-shocked!
2. What do you call a mischievous egg? A practical yolker!
3. Why did the Easter egg go to school? To get egg-ucated!
4. What do you get if you pour hot water down a rabbit hole? Hot cross bunnies!
5. What do you get if you cross a bunny with an onion? A bunion!
6. Why did the Easter Bunny have to fire the duck? Because he kept quacking all the eggs!
7. How does the Easter Bunny stay in shape? With lots of egg-ercise!
8. Why did the Easter Bunny hide the chocolate eggs? He didn't want anyone to know he was egg-stra generous!
9. What did the Easter Bunny say to the carrot? It's been nice gnawing you!
10. What do you call a rabbit with fleas? Bugs bunny!
11. How does the Easter Bunny keep his fur looking good? With hare spray!
12. Why did the Easter Bunny cross the playground? To get to the other slide!
13. How do you make an Easter egg roll? You push it!




##########################################################################

Dear friends,

We hope this message finds you well! We would like to express our gratitude for your valuable advice and unwavering cooperation, which have enabled us to release the first edition of Gregorian Voice for this year. We are thrilled to announce that we plan to publish this newsletter every quarter, and we count on your continued support in this endeavour.

If you have any creative pieces that you would like to share with our readers, such as songs, stories, articles, or essays, we would be delighted to receive them! Please send them to us at

gregorianvoice@gmail.com, and we will consider them for publication in our upcoming issues.

We understand that we may have missed some events and pictures in this edition, and for that, we apologize. Rest assured that we will do our best to include them in our future editions.

Lastly, we would like to invite you to share your thoughts, suggestions, or comments with our vicars. We are always eager to hear from you and improve our work. Thank you for being a part of the Gregorian Voice.

Best regards, The Gregorian Voice team